ജലാശയങ്ങളിലെ ജൈവപരിസ്ഥിതി നിലനിർത്തുന്നതിനും പരമ്പരാഗത മത്സ്യ സമ്പത്തിന്റെ വംശവർദ്ധനവിനും ഊന്നൽ നൽകികൊണ്ട് ആലപ്പാട് പഞ്ചായത്തിന്റെ സഹകരണത്തോടുകൂടി കണ്ടൽ വനങ്ങളുടെ സംരക്ഷണം-വികസനം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) ഉണ്ട്. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകൾ, ബ്ലോക്കുകൾ എന്നിവിടങ്ങളിൽ ജനകീയ പങ്കാളിത്തത്തോടെ മത്സ്യഫെഡ്, മത്സ്യബോർഡ്, മറ്റ് സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെ വർദ്ധിച്ചുവരുന്ന അശാസ്ത്രീയമത്സ്യബന്ധന രീതികൾ, മലിനീകരണം, വിഭവസ്രോതസ്സുകളുടെ ശോഷണം, കണ്ടൽക്കാടുകളുടെ തിരോധാനം എന്നിവയെക്കുറിച്ച് മത്സ്യത്തൊഴിലാളികളിൽ അവബോധം സൃഷ്ടിക്കാനുള്ള ഒരു പരിശീലന പരിപാടി നടപ്പിലാക്കുന്നതാണ്.

(ഡി) ഇല്ല. പഠനം നടത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

(ഇ) ഉണ്ട്.

(എഫ്) ഉണ്ട്. മത്സ്യങ്ങളുടെയും ചെമ്മീനുകളുടെയും സുരക്ഷിത നഴ്സറികളായി പ്രവർത്തിക്കുന്ന കണ്ടൽക്കാടുകൾ മത്സ്യോല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ പറ്റിയ ആവാസവ്യവസ്ഥ പ്രദാനം ചെയ്യുന്നവയാണ്. പ്രസ്തുത സസ്യങ്ങളുടെ വൈവിദ്ധ്യം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയുടെ ഭാഗമായി ആലപ്പാട് പഞ്ചായത്തിന്റെ സഹകരണത്തോടുകൂടി ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി കണ്ടൽ കാടുകളുടെ സംരക്ഷണം, വികസനം, എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഉൾനാടൻ മേഖലയിൽ അമിത മത്സ്യബന്ധന സമ്മർദ്ദം, ജലമലിനീകരണം, പരിസ്ഥിതിക്കിണങ്ങാത്ത വികസനപ്രവർത്തനങ്ങൾ, അനധികൃത കായൽ കയ്യേറ്റം തുടങ്ങിയവമൂലം പല മത്സ്യങ്ങളും വംശനാശഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ വംശനാശഭീഷണി നേരിടുന്ന മത്സ്യങ്ങളെക്കുറിച്ച് പഠിക്കാനും പ്രസ്തുത മത്സ്യങ്ങളുടെ പരിരക്ഷയ്ക്കായി നിർദ്ദേശങ്ങൾ നൽകാനും യൂണിവേഴ്സിറ്റികൾ, ഗവേഷണ സ്ഥാപനങ്ങൾ മറ്റു സന്നദ്ധസംഘടനകൾ എന്നിവയുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

കൊല്ലം എസ്.എൻ. കോളേജ് സമരം സംബന്ധിച്ച് സിൻഡിക്കേറ്റ് നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ട്

12 (*252) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എൻ. കോളേജിലുണ്ടായ വിദ്യാർത്ഥി സമരത്തെപ്പറ്റി കേരള സർവ്വകലാശാല സിൻഡിക്കേറ്റ് നിയോഗിച്ച കമ്മീഷൻ റിപ്പോർട്ടിലെ നിഗമനങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ നിഗമനങ്ങളിൽ പ്രസ്തുത കമ്മീഷൻ എത്തിച്ചേർന്നത് വസ്തുതകൾ കണക്കിലെടുക്കാതെയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വിദ്യാർത്ഥികളെ പുറത്താക്കിയത് കോളേജ് കൗൺസിലിന്റെ നിർദ്ദേശ പ്രകാരമായിരുന്നുവോ ;

(ഡി) ഈ സംഭവത്തെപ്പറ്റി കോളേജിലെ മൂന്ന് പ്രൊഫസർമാർ അടങ്ങുന്ന കമ്മീഷൻ അന്വേഷണം നടത്തിയിരുന്നുവോ ;

(ഇ) പുറത്താക്കപ്പെട്ട വിദ്യാർത്ഥികൾക്ക് പറയുവാനുള്ളത് പറയുവാൻ വേണ്ട അവസരം പ്രസ്തുത കമ്മീഷൻ നൽകിയിരുന്നുവോ ;

(എഫ്) സർവകലാശാല നിയോഗിച്ച കമ്മീഷൻ ഈ വസ്തുതകൾക്ക് വേണ്ട പരിഗണന നൽകിയിരുന്നുവോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) കമ്മീഷൻ റിപ്പോർട്ടിലെ നിഗമനങ്ങൾ താഴെപ്പറയുന്നവയാണ് :

1. എസ്.എൻ. കോളേജിലെ പ്രിൻസിപ്പൽ ശിക്ഷിച്ച് കോളേജിൽ നിന്നും പുറത്താക്കിയ നാല് വിദ്യാർത്ഥികളെക്കുറിച്ചുള്ള ആരോപണങ്ങളിന്മേൽ ശരിയായ അന്വേഷണം നടത്തിയിട്ടില്ലെന്നും, ഇത് സാമാന്യനീതിക്ക് നിരക്കുന്നത് അല്ലെന്നും കമ്മീഷൻ കണ്ടെത്തി.

2. കമ്മീഷൻ താഴെപ്പറയുന്ന അഞ്ച് ആരോപണങ്ങളെക്കുറിച്ച് അന്വേഷണം നടത്തി.

   (എ) യു.ജി.സിയുടെ ധനസഹായത്തോടെ നിർമ്മിച്ച കൊല്ലം എസ്.എൻ. കോളേജിലെ ചില കെട്ടിടങ്ങൾ കോളേജുമായി ബന്ധമില്ലാത്ത നോൺ അക്കാഡമിക് കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തി വരുന്നു.

   (ബി) കോളേജ് കൗൺസിലിന്റെ തീരുമാനമില്ലാതെയാണ്, കോളേജ് കാമ്പസിൽ പോലീസിനെ ഇടപെടാൻ ക്ഷണിച്ചിട്ടുള്ളത്.

   (സി) പ്രിൻസിപ്പലിന്റെയും മാനേജ്മെന്റിന്റെയും തെറ്റായ ഭരണരീതി മൂലം, വിദ്യാർത്ഥികളും രക്ഷകർത്താക്കളും ആഗ്രഹിച്ചിട്ടും കൊല്ലം എസ്.എൻ. കോളേജിൽ റെഗുലർ ക്ലാസ്സുകളൊന്നും നടന്നിരുന്നില്ല.

   (ഡി) പി.റ്റി.എ ഫണ്ടിന്റെ പേരിൽ ലക്ഷക്കണക്കിന് രൂപ അനധികൃതമായി പിരിച്ചെടുക്കുകയും, അത് ദുർവിനിയോഗം നടത്തുകയും ചെയ്തു.

   (ഇ) മാനേജ്മെന്റ് കമ്മിറ്റിയിൽ പ്രീഡിഗ്രി കോഴ്സിലേക്ക്, കൊല്ലം പട്ടണത്തിലെ സാമൂഹ്യവിരുദ്ധഗ്രൂപ്പിലെ അറിയപ്പെടുന്ന 24 വയസ്സുള്ള ഒരു ക്രിമിനലിന് അഡ്മിഷൻ കൊടുത്തു.

മേൽപറഞ്ഞ ആരോപണങ്ങൾക്ക് ദൃഷ്ടാന്തമായി പ്രഥമദൃഷ്ട്യാ തെളിവുണ്ടെന്നും എന്നാൽ മാനേജ്മെന്റിന് ഇക്കാര്യത്തിൽ മുന്നോട്ടു പോകണമെങ്കിൽ വീണ്ടും സമഗ്രമായ ഒരു അന്വേഷണം കൂടി ആവശ്യമാണെന്നും കമ്മീഷൻ കണ്ടെത്തി.

(ബി) ഇല്ല. വസ്തുതകൾ കണക്കിലെടുത്തതിന് ശേഷം തന്നെയാണ് കമ്മീഷൻ നിഗമനങ്ങളിൽ എത്തിച്ചേർന്നത്. തെളിവെടുപ്പിന് മാനേജ്മെന്റ് പ്രതിനിധികൾ ഹാജരായില്ല എന്നും മാനേജ്മെന്റിനെ അറിയിച്ചിട്ടില്ല എന്നും ആക്ഷേപം നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അതെ.

(ഡി) നടത്തിയിരുന്നു.

(ഇ) നൽകിയിരുന്നു.

(എഫ്) പരിഗണന നൽകിയിരുന്നു

ഭൂമിയുടെ വില നിശ്ചയിക്കുന്നതിന് നിയോഗിച്ചിരിക്കുന്ന സമിതിയുടെ റിപ്പോർട്ട്

13 (*253) ശ്രീ. എ. കണാരൻ :
ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയുടെ വില നിശ്ചയിക്കുന്നതിന്റെ വിവിധ വശങ്ങളെ സംബന്ധിച്ച് പഠനം നടത്തുന്നതിനായി സർക്കാർ സമിതിയെ നിയോഗിച്ചിരുന്നുവോ ; എങ്കിൽ എന്ന് ;

(ബി) ഇതു സംബന്ധിച്ചുള്ള റിപ്പോർട്ട് സർക്കാരിനു ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിൻമേൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് ഓരോ സ്ഥലത്തെയും ഭൂമിയുടെ വില വ്യത്യസ്തമായതു കൊണ്ടും ക്രയവിക്രയരംഗത്ത് വില വളരെക്കുറച്ചുമാത്രം സൂചിപ്പിക്കുന്നതുകൊണ്ടും ജനകീയ പങ്കാളിത്തത്തോടെ ഭൂമിയുടെ വില നിശ്ചയിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് ഭൂമിയുടെ വില നിശ്ചയിക്കുന്നതിനെ സംബന്ധിച്ച് വിവിധ തലങ്ങളിലെ ജനപ്രതിനിധികളുമായി എന്തെങ്കിലും കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) 18-8-1997-ലെ (ആർ. റ്റി) 412/97/റ്റി.ജി. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയുണ്ടായി.

(ബി&സി) വില നിർണയം നടത്തുന്നതിനായി നിയോഗിച്ച കമ്മിറ്റിയുടെ വിവിധ ശുപാർശകളടങ്ങുന്ന റിപ്പോർട്ട് സർക്കാരിന് ലഭിക്കുകയും ഈ ശുപാർശകളിൽ ഒന്നൊഴികെ മറ്റെല്ലാ ശുപാർശകളും ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ന്യായവില നിർണയം നടത്തുന്നതിനായി ജനകീയ പങ്കാളിത്തമുള്ള വില്ലേജ്സമിതിയും താലൂക്കുതല സമിതിയും രൂപീകരിക്കുവാൻ ജില്ലാ കളക്ടർമാരോട് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ശുപാർശകൾക്കനുസരണമായി നിലവിലുള്ള മുദ്രപ്പത്ര നിയമത്തിൽ ഭേദഗതി വരുത്തുവാനുള്ള നടപടിയും തുടരുന്നു.

(ഡി) ന്യായവില നിർണയം നടത്തുന്നതിനായി ജി.ഒ. (ആർ.റ്റി.) 110/2000/റ്റി.ജി. തീയതി 7-2-2000 പ്രകാരം രൂപീകരിച്ച വില്ലേജ്തല സമിതിയിൽ ജനകീയാസൂത്രണസമിതിയിലെ വോളന്ററി ടെക്നിക്കൽ കോർപ്സ് അംഗത്തേയും താലൂക്കുതല സമിതിയിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാനേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവർകൂടി ചർച്ചചെയ്താണ് തീരുമാനമെടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly